# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 507** — **05.07.2012- ൽ മറുപടിക്ക്**

**കടത്തിലായ കൈത്തറി സംഘങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ.ഇ.കെ വിജയൻ<br>ശ്രീ. വി.ശശി | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി സംഘങ്ങളുടെ സംരക്ഷണത്തിനായി രൂപം നൽകിയ റിവൈവൽ, റിഫോം, റീസ്ട്രക്ച്ചറിംഗ് പാക്കേജ് സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ കൈത്തറി സംഘങ്ങൾക്കെല്ലാം കൂടി കടം എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ കൈത്തറി സംഘങ്ങളുടെ 31-3-2010 വരെയുള്ള ബാങ്ക് ലോണും പലിശയും പിഴപലിശയും ചുവടെ ചേർക്കുന്നു.<br><br>മുതൽ - 136.26 കോടി രൂപ<br>പലിശയും പിഴപലിശയും - 76.0 കോടി രൂപ<br>ആകെ - 212.26 കോടി രൂപ<br><br>അപ്പക്സ് സൊസൈറ്റിയായ ഹാൻടെക്സിന്റെ ബാങ്ക് ലോണും ഗവൺമെന്റ് ലോണും പലിശയും ചുവടെ ചേർക്കുന്നു.<br><br>ബാങ്ക് ലോൺ:-<br>മുതൽ - 20.71 കോടി രൂപ<br>പലിശയും പിഴ പലിശയും - 16.32 കോടി രൂപ<br>ആകെ - 37.03 കോടി രൂപ |

__ഗവൺമെന്റ് ലോൺ__:-

| | |
|---|---|
| മുതൽ | - 21.36 കോടി രൂപ |
| പലിശയും പിഴ പലിശയും | - 30.98 കോടി രൂപ |
| ആകെ | - 52.34 കോടി രൂപ |

ഹാന്റക്സിന്റെ മൊത്തം കടം 89.37 കോടി രൂപയാണ്.

| | |
|---|---|
| (സി) കടത്തിലായ സംഘങ്ങളെ രക്ഷിക്കുന്നതിനായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കേന്ദ്ര സഹായം നേടിയെടുക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (സി) റിവൈവൽ പാക്കേജ് അനുസരിച്ച് കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൈത്തറി മേഖലയ്ക്കുള്ള റിവൈവൽ, റിഫോം ആന്റ് റീ സ്ട്രക്ചറിംഗ് പാക്കേജ് അനുസരിച്ച് നബാർഡ് സ്പെഷ്യൽ ഓഡിറ്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. സ്പെഷ്യൽ ഓഡിറ്റ് പൂർത്തീകരിച്ചുകഴിഞ്ഞാൽ ഉടൻതന്നെ അർഹതയുള്ള സംഘങ്ങളുടെ സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ജില്ലാ ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റിയുടെ ശുപാർശയോടെ സംസ്ഥാന ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റിയുടെ പരിശോധനയ്ക്കായി സമർപ്പിക്കുകയും ചെയ്യും. സംസ്ഥാന ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റി അത് പരിശോധിച്ച് അർഹമായ തുക നബാർഡിൽ നിന്ന് ബന്ധപ്പെട്ട ബാങ്കുകൾക്ക് കടം തീർക്കാൻ കൊടുക്കുന്നതിനായി നാഷണൽ ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റിക്ക് സമർപ്പിക്കുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**